ദുരന്തബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ച വില്ലേജുകൾ

20 [616] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ലെ കടൽ ഭൂകമ്പ ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഏതെല്ലാം വില്ലേജുകളെയാണ് ദുരന്തബാധിത പ്രദേശങ്ങളായി സർക്കാർ പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ദുരന്തബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ച ഓരോ വില്ലേജിലും ഉണ്ടായ വിവിധതരത്തിലുള്ള നാശനഷ്ടങ്ങളെ സംബന്ധിച്ച് ലഭ്യമായ കണക്കുകൾ നൽകാമോ ;

(സി) ദുരിതാശ്വാസത്തിനുള്ള പ്രത്യേക പാക്കേജ് പദ്ധതിപ്രകാരം ഓരോ വില്ലേജിലെയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ടെന്നതും, ഈ തുക വിനിയോഗിക്കുന്നതിന് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച നടപടി ക്രമങ്ങളുടെ പകർപ്പ് അനുബന്ധമായി † ചേർക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വില്ലേജ് തലത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചിട്ടില്ല. എന്നാൽ ഓരോ ജില്ലകൾക്കും ആവശ്യമായി വരുന്ന തുക ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകി വരുന്നു.

സുനാമി ബാധിത പ്രദേശങ്ങളിൽ ചെലവഴിച്ച തുക

21 [617] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതിനകം സുനാമി ബാധിത പ്രദേശങ്ങളിൽ എന്തു തുക വീതം ചെലവഴിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി 19-1-2005-ലെ കണക്കുപ്രകാരം വിവിധ ജില്ലകളിലായി 917.36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ദുരിതാശ്വാസ പ്രവർത്തനത്തിന് കേന്ദ്രം നൽകിയ തുക

22 [618] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ച പദ്ധതികളിൽ ഏതെല്ലാം കേന്ദ്രസർക്കാർ അംഗീകരിച്ചു നൽകിയെന്ന് വിശദമാക്കാമോ;

(ബി) ഇനി ദുരിതാശ്വാസ പ്രവർത്തനത്തിനായി എന്തുമാത്രം തുക കേന്ദ്രം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly